വനിതകൾക്ക് സ്വകാര്യബസുകളും ആനുകൂല്യം നൽകണം

കോട്ടയം: കെഎസ്ആർടിസി വനിതകൾക്ക് സൗജന്യ യാത്ര നൽകും എന്ന യുഡിഎഫ് വാഗ്ദാനത്തെ അംഗീകരിച്ച കരളത്തിലെ ജനങ്ങളുടെ താല്പര്യം വരുന്ന സർക്കാർ ഉടൻ നടപ്പാക്കുമെന്നും അതിനെ എതിർക്കാൻ നോക്കാതെ സ്വകാര്യ ബസുകളും വനിതകൾക്ക് സൗജന്യ യാത്ര നൽകണമെന്ന് കേരള കോൺഗ്രസ് വർക്കിംഗ് ചെയർമാനും, മുൻ കേന്ദ്ര മന്ത്രിയുമായ പി.സി.തോമസ്.

തെരഞ്ഞെടുപ്പിന് മുമ്പു തന്നെ യുഡിഎഫ് മുന്നോട്ടുവെച്ച വളരെ പ്രധാനപ്പെട്ട ഒരു കാര്യമായിരുന്നു കെഎസ്ആർടിസിയിൽ വനിതകൾക്ക് സൗജന്യ യാത്ര തരപ്പെടുത്തും എന്നത്. അങ്ങനൊന്നും എതിർക്കാത്ത ഒരവസ്ഥയിലേക്ക് ബസ് ഉടമകൾ ഇപ്പോൾ എതിർപ്പ് പറയുന്നതിൽ അർത്ഥമില്ല പി സി തോമസ് പറഞ്ഞു.

ലക്ഷങ്ങൾ മുടക്കി പിണറായി വിജയന്റെ ബ്രാൻഡ് കേരളത്തിലെമ്പാടും സ്ഥാപിച്ചശേഷം ജനവിരുദ്ധ ഭരണം നടത്തിയതിനെതിരെ കേരളജനത പ്രതികരിച്ചു. യുഡിഎഫ്.അതുപോലല്ല.ജനങ്ങൾക്കുവേണ്ടി ജനകീയ ഭരണം നടത്തും പി സി തോമസ് പറഞ്ഞു.

എയർ ഇന്ത്യക്ക് 4 സ്റ്റാർ വേൾഡ് റേറ്റിങ്

കൊച്ചി സ്കൈട്രാക്സ് ഓഡിറ്റിൽ എയർ ഇന്ത്യ എക്സ്പ്രസ് ഫോർ സ്റ്റാർ വേൾഡ് എയർലൈൻ റേറ്റിങ് നേടി. വ്യോമയാന മേഖലയിലെ ഗുണനിലവാര വിലയിരുത്തൽ സംവിധാനമാണ് സ്കൈട്രാക്സ് വേൾഡ് എയർലൈൻ സ്റ്റാർ റേറ്റിങ്. വിമാനയാത്രക്കാരുടെ സേവനങ്ങൾ ചെലപ്പെടുത്തുന്നതിനായി കഴിഞ്ഞ ഒരു വർഷമായി നടപ്പാക്കി വരുന്ന മാറ്റങ്ങൾക്കുള്ള അംഗീകാരമാണിത്. വിമാന കമ്പനികൾക്ക് ലഭിക്കാവുന്ന ഏറ്റവും ഉയർന്ന റേറ്റിങാണ് ഫോർ സ്റ്റാർ റേറ്റിങ്. നിലവിൽ നൂറിലധികം വിമാനങ്ങളുള്ള എയർ ഇന്ത്യ എക്സ്പ്രസിന്റെ മുന്നിൽ രണ്ടും പുതിയ വിമാനങ്ങളാണ്. 42 അത്യന്തര കേന്ദ്രങ്ങളിലേക്കും 17 അന്താരാഷ്ട്ര ഇടങ്ങളിലേക്കുമായി എയർ ഇന്ത്യ എക്സ്പ്രസിന് പ്രതിദിനം 500 ലധികം വിമാന സർവീസുകളുണ്ട്.

email: chandrikakochi@gmail.com

മലിനീകരണ നിയന്ത്രണ ബോർഡ് പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: മലിനീകരണ നിയന്ത്രണം പ്രവർത്തനരംഗത്ത് മികച്ച പ്രകടനം കാഴ്ച വെച്ചതിന് തിരഞ്ഞെടുത്ത മേഖലകൾക്ക് കീഴിലുള്ള യൂണിറ്റുകൾക്ക് മലിനീകരണ നിയന്ത്രണ അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. മലിനീകരണ നിയന്ത്രണം, പരിസ്ഥിതി സംരക്ഷണം, മിഷൻ ലൈഫ് ലക്ഷ്യങ്ങൾ നേടിയെടുക്കൽ എന്നീ മേഖലകളിൽ മികവ് പുലർത്താനുള്ള മനോഭാവം സ്ഥാപനങ്ങൾക്കിടയിൽ സൃഷ്ടിക്കുന്നതിനാണ് അവാർഡ്. വ്യവസായശാലകൾ (വൻകിടം, ഇടത്തരം, ചെറുകിടം), സ്റ്റോൺ ക്രഷർ, ഡയറി വ്യവസായം, ആശുപത്രികൾ (സർക്കാർ, സ്വകാര്യ), വേസ്റ്റ് മാനജ്മെന്റ് ഫെസിലിറ്റിസ് (യൂസ്ഡ് ഓയിൽ/ വേസ്റ്റ് ഓയിൽ റീസൈക്കിൾ യൂണിറ്റ്, വേസ്റ്റ് ടയർ റീസൈക്കിൾ യൂണിറ്റ്, പ്ലാസ്റ്റിക് വേസ്റ്റ് റീസൈക്കിൾ യൂണിറ്റ്, റെറിഡഡിൽ പ്ലാന്റ്, കോമൺബയോ-മെഥിക്കൽ വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ്), തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കോർപ്പറേഷൻ & മുനിസിപ്പാലിറ്റി, ഹോട്ടൽ, റിസോർട്ട്സ്, പ്രിന്റ് ആൻഡ് വിഷ്വൽ മീഡിയ, എയർപോർട്ട്, റെയിൽവേ സ്റ്റേഷൻ, സിനിപ്ലെക്സ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വാട്ടർ തീം പാർക്ക്, ആരാധനാലയങ്ങൾ, ബസ്സ് ടെർമിനൽ (കൊമേഴ്സ്യൽ സ്പേസ് ഡിപ്പോ, സർവീസ് സ്റ്റേഷൻ തുടങ്ങിയ സംയോജിത സൗകര്യങ്ങളോടെ), റെസിഡൻഷ്യൽ അപ്പാർട്ട്മെന്റ് സ്, ഹരിത വിദ്യാലയം എന്നീ മേഖലകളിൽ ഈ വർഷത്തെ അവാർഡുകൾ നൽകാനും തിരുമാനിച്ചു. ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മമായി അവലോകനം ചെയ്ത് ഷോർട്ട്ലിസ്റ്റ് യൂണിറ്റുകളിൽ പരിശോധന നടത്തി ഇതിനായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി അവാർഡ് ജേതാക്കളെ തിരഞ്ഞെടുക്കുന്നതാണ്. ട്രോഫിയും സർട്ടിഫിക്കറ്റും അടങ്ങുന്നതാണ് അവാർഡ്.

അപേക്ഷാഫോം kspcb.kerala.gov.in ൽ ലഭ്യമാണ്. അപേക്ഷകൾ സമർപ്പിക്കാൻ താല്പര്യമുള്ളവർ മുകളിൽ പറയുന്ന വെബ് സൈറ്റിൽ അപേക്ഷാഫോം പൂരിപ്പിച്ച് ഓൺലൈനായി തന്നെ സമർപ്പിക്കാം. പൂരിപ്പിച്ച അപേക്ഷ keralastatepcbawards@gmail.com എന്ന ഇ-മെയിൽ ഐഡിയിൽ സമർപ്പിക്കാം. വിശദവിവരങ്ങൾ ഈ സൈറ്റിൽ തന്നെ ലഭ്യമാണ്.

അപേക്ഷ പൂരിപ്പിക്കാനുള്ള അവസാന തീയതി മേയ് 20 വരെ നീട്ടപ്പെടുകയാണ്.

മെക്കാനോ ബ്രാൻഡിന്റെ പുതിയ മെഷീനറികളായ റോട്ടറി ഹാമറുകൾ, എയർ കംപ്രസറുകൾ, വെൽഡിംഗ് മെഷീനുകൾ എന്നിവ കൊച്ചിയിൽ നടന്ന ചടങ്ങിൽ കമ്പനി പ്രോമോട്ടർമാരായ കെ.പി. സിയാദ് ടി.എച്ച്. അബ്ദുസ്, ടി.എച്ച്. സാജിദ്, പി.എം. ഷമീർ, എന്നിവർ ചേർന്ന് കേരള വിപണിയിൽ അവതരിപ്പിക്കുന്നു.

അഖിലേന്ത്യാ അന്തർ സർവകലാശാല വുഷു ചാമ്പിയൻഷിപ്പിൽ മികച്ച നേട്ടം കരസ്വമാക്കിയ കാലിക്കറ്റ് സർവകലാശാലാ ടീം

പുതുതൻ ഉൽപന്ന നിര അവതരിപ്പിച്ച 'മെക്കാനോ'

കൊച്ചി: ജനപ്രിയ ബ്രാൻഡായ ഐഡെബ്ലിന്റെ പ്രമോട്ടർമാരായ മാട്രിക്സ് സ്റ്റോർ കമ്പനി 'മെക്കാനോ' ബ്രാൻഡിൽ റോട്ടറി ഹാമർ, എയർ കംപ്രസർ, വെൽഡിംഗ് മെഷീൻ എന്നിവ വിപണിയിൽ അവതരിപ്പിച്ചു. കൊച്ചിയിൽ സംഘടിച്ച ചടങ്ങിൽ മീറ്റിലാണ് മാട്രിക്സ് സ്റ്റോർ കമ്പനിയുടെപ്രമോട്ടർമാരായ ടി.എച്ച്. അബ്ദുസ്, ടി.എച്ച്.സാജിദ്, പി.എം.ഷമീർ, കെപി.സിയാദ് എന്നിവർ ചേർന്ന് പുതിയ ഉൽപ്പന്ന ശ്രേണി വിപണിയിലിറക്കിയത്. 2030-ഓടെ 500 കോടി രൂപ വിറ്റുവരവും, ഐപി.ഒയുമാണ് കമ്പനി ലക്ഷ്യമിടുന്നതെന്നും കൺസ്ട്രഷൻ ഉപകരണങ്ങൾക്ക് പുറമെ വാഷം ക്ലീനർ, പവർ ക്ലീനിംഗ് മെഷിനുകൾ ഉൾപ്പെടെ വിവിധ ഗ്രാഹകോപകരണ ശ്രേണിയും അക്കാനോ ബ്രാൻഡിൽ വിപണിയിൽ ലഭ്യമാണെന്നും പി.എം. ഷമീർ പറഞ്ഞു.

എംഎസ്.എം സംസ്ഥാന സമിതി സംഘടിപ്പിച്ച 30മത് മിസ്ബാഹ് അന്താരാഷ്ട്ര ഖുർആൻ വിജ്ഞാന പരീക്ഷ ജനറൽ വിജേതാക്കിൾ ഒന്നാം സ്ഥാനം നേടിയ നൂദ്റ സൈനബിന് കെഎൻഎം മർകസുദ്ദഅ്വ സംസ്ഥാന സെക്രട്ടറി കെപി സകരിയ്യ ഉപഹാരം നൽകുന്നു

മിസ്ബാഹ് ഗ്രാൻഡ്ഫിനാലെ നൂദ്റ സൈനബിന് ഒന്നാം സമ്മാനം

വിജയിക്ക് ഉംറ കർമ്മം നിർവഹിക്കാൻ അവസരം

കോഴിക്കോട്: എംഎസ്എം സംസ്ഥാന സമിതി സംഘടിപ്പിച്ച 30 മത് മിസ്ബാഹ് അന്താരാഷ്ട്ര ഖുർആൻ വിജ്ഞാന പരീക്ഷയുടെ ജനറൽ വിഭാഗം ഗ്രാൻഡ് ഫിനാലെ കോഴിക്കോട് സമാപിച്ചു. മാർച്ച് മാസത്തിൽ ആയിരത്തിലധികം മത്സരാർത്ഥികൾ പങ്കെടുത്ത ആദ്യഘട്ട പരീക്ഷയിൽ ഉയർന്ന സ്കോർ കരസ്വമാക്കിയ 40 പേരാണ് ഗ്രാൻഡ് ഫിനാലെയിൽ മാറ്റുരച്ചത്.

മത്സരത്തിൽ നൂദ്റ സൈനബ് (കോഴിക്കോട് സൗത്ത്), മുനീഫ (മലപ്പുറം ഈസ്റ്റ്), റഹീമ റഹ്മാൻ (മലപ്പുറം ഈസ്റ്റ്) എന്നിവർ യഥാക്രമം ആദ്യ മൂന്ന് സ്ഥാനങ്ങൾ കരസ്വമാക്കി. ഒന്നാം സ്ഥാനത്തിന് പരിശുദ്ധ ഉംറ കർമ്മം നിർവഹിക്കാനുള്ള അവസരമാണ് ലഭിക്കുക. രണ്ടു മുതൽ എട്ടുവരെ ഉള്ള സ്ഥാനക്കാർക്ക് ക്യാഷ് അവാർഡ് നൽകി.

ഗ്രാൻഡ്ഫിനാലെ കെ എൻ എം മർക്കസുദ്ദഅവ സംസ്ഥാന ജനറൽ സെക്രട്ടറി എം അഹമ്മദ് കുട്ടി മദനി ഉദ്ഘാടനം ചെയ്തു. എംഎസ്എം സംസ്ഥാന പ്രസിഡണ്ട് ജസിൽ നജീബി അധ്യക്ഷത വഹിച്ചു. ഗ്രാൻഡ്ഫിനാലെയുടെ ഭാഗമായി നടന്ന ഖുർആൻ പുതിയ വായനകൾ' സെമിനാറിൽ ഡോ.ജാബിർ അമാനി, അബി ബീ തവനൂർ എന്നിവർ വിഷയാവതരണം നടത്തി. ഡോ.ഇസാമു, ജുനൈസ് മുണ്ടേരി, നിഹാൽ ഹാറൂണി, ഇംഷാദ് എടക്കര എന്നിവർ ഗ്രാൻഡ്ഫിനാലെക്ക് നേതൃത്വം നൽകി.

വിജയികൾക്കുള്ള കാഷ് പ്രൈസും മെമെന്റോയും കെ എൻ എം സംസ്ഥാന സെക്രട്ടറി കെ പി സകരിയ മൗലവി, എം എസ് എം സംസ്ഥാന ജനറൽ സെക്രട്ടറി ഹഫീം പുളിക്കൽ, ഉപാധ്യക്ഷൻ നദീർ കടവത്തൂർ എന്നിവർ നിർവഹിച്ചു.

മിസ്ബാഹ് കൺവീനർ ഹഫീം അല്ലുക്കൽ, സംസ്ഥാന ഭാരവാഹികളായ ബാദുഷാ ഫൈസൽ, സുഹൈൽ അല്ലുക്കൽ, യഹിയ മുബാറക്, ഹാമിദ് സനീൻ, മഷ്ഹൂദ്, ഡോ റാഫിദ്, എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

ബജാജ് പൾസർ 150, 125 മോഡലുകൾക്ക് ഇളവ് പ്രഖ്യാപിച്ചു

കൊച്ചി: ലോകത്തിലെ ഏറ്റവും മൂല്യമേറിയ ടൂവീലർ, ത്രീ വീലർ വാഹന നിർമാതാക്കളായ ബജാജ് ഓട്ടോ ലിമിറ്റഡ്, ജനപ്രിയ മോഡലുകളായ പൾസർ 150, പൾസർ 125 എന്നിവക്ക് പരിമിതകാല ഓഫർ പ്രഖ്യാപിച്ചു. യഥാക്രമം 1,10,896 രൂപയിലും 87,255 രൂപയിലും (എക്സ്ഷോറൂം, ഡൽഹി) വില ആരംഭിക്കുന്ന പൾസർ 150, പൾസർ 125 മോഡലുകൾക്ക് ഇപ്പോൾ പരിമിതകാലത്തേക്ക് 3,000 രൂപ ഇളവ് ലഭിക്കും. മികച്ച പാരമ്പര്യവും കുറഞ്ഞ ചെലവിൽ മികച്ച പെർഫോമൻസും ആഗ്രഹിക്കുന്ന റൈഡർമാർക്ക് ഈ ഓഫറിലൂടെ പൾസർ സ്വന്തമാക്കാം.

മികച്ച നേട്ടം കൈവരിച്ച കാലിക്കറ്റ്

തേഞ്ഞിപ്പലം: ശ്രീനഗറിലെ ഹസ്രത് ബാൽ കശ്മീർ സർവകലാശാലയിൽ നടന്ന അഖിലേന്ത്യാ അന്തർ സർവകലാശാല വുഷു ചാമ്പ്യൻഷിപ്പിൽ കാലിക്കറ്റ് സർവകലാശാലക്ക് ഉജ്ജ്വല നേട്ടം. തൗലു (Taolu) ചാമ്പ്യൻഷിപ്പിൽ ദേശീയതലത്തിൽ അഞ്ചാം സ്ഥാനം കരസ്വമാക്കിയ കാലിക്കറ്റ്. തൗലു ഗ്രൂപ്പിനത്തിൽ സൗന്ദര്യമെഡൽ കരസ്വമാക്കി.മുന്നേറ്റത്തിൽ കെ. മുഹമ്മദ് ജാസിൽ, വി.മുനീർ, എൻകെ. മുഹമ്മദ് സാലിഹ്, എ.മുഹമ്മദ് ആരിഫ് (എംഇഎസ്. കോഡിയംപള്ളിഞ്ചേരി), കെ. നന്ദന മനു (എസ്എൻജിഎസ്. പട്ടാമ്പി), ടിപി.മുഹമ്മദ് നിഷാം (ഗുരുവായൂരപ്പൻ കോളേജ്), നേഹന്നത്ഷാ (സെന്റ്ജോസഫ്സ് കോളേജ് ദേവഗിരി) എന്നിവരടങ്ങിയ ടീമാണ് സ്വർണ മെഡൽ നേടിയത്. കെ. മുഹമ്മദ് ജാസിൽ (നാൻ ടൈപ്പ് സർണം, സിംഗിൾ വെപ്പൺ സർണം), വി. മുനീർ (അഭാ സൈറ്റിൽ സർണം, ഫ് ഇക്ക് സിബിൾ വെപ്പൺ വെള്ളി), എൻകെ. മുഹമ്മദ് സാലിഹ് (ഡ്യലിയൻ (ഡ്യലിയൻ വെള്ളി), കെ. നന്ദന മനു (ഡബിൾ വെപ്പൺ വെള്ളി), കെടി. മുഹമ്മദ് സിനാൻ (ഫാറ്റഗി കോളേജ്) (സാൻഡ വെങ്കലം) എന്നിങ്ങനെയാണ് വ്യക്തിഗത വിഭാഗങ്ങളിലെ മെഡലുകൾ. മുഹമ്മദ് റഫാഹ്, മുഹമ്മദ് ജഫ്സൽ എന്നിവർ പരിശീലകരും ടിഎസ്. അഷിഷ്, പികെ. അഭിരാമി എന്നിവർ ടീം മാനജർമാരുമാണ്.

കൊച്ചിൻ ട്രേഡ് സെന്റർ സോഫ്റ്റ് ലോഞ്ച് ചെയ്തു

കൊച്ചി: വില്ലിങ്ടൺ ഐലൻഡിൽ 3 ലക്ഷം ചതുരശ്ര അടി വിസ്തൃതിയിൽ പൂർത്തിയായി വരുന്ന ഇഗ്നിവ കൊച്ചിൻ ട്രേഡ് സെന്ററിന്റെ സോഫ്റ്റ് ലോഞ്ച് ബി.എൻ. എം ഹൗസിംഗ് ഡവലപ്മെന്റ് കോർപ്പറേഷൻ ചെയർമാൻ ആർ.പ്രേം കുമാർ നിർവഹിച്ചു. ടി.ജെ.വിനോദ് എം. എൽ.എ ലോഗോ പ്രകാശനം ചെയ്തു. കൊച്ചിൻ ട്രേഡ് സെന്റർ മാനേജിംഗ് ഡയറക്ടർ നിജേഷ് പൂത്തലത്ത്, വാർഡ് കൗൺസിലർ പദ്മകുമാരി, കമ്മഡോർ വർഗീസ് മത്യു, കൊച്ചിൻ ചേംബർ സെക്രട്ടറി ജെയ്സി ഡേവഷ്, കോഴിക്കോട് ഡിസിസി സെക്രട്ടറി കെ.എ ഗംഗേഷ്, ബിഎൻഎം പ്രസിഡന്റ് കരുണ മൂർത്തി, അസോസിയേഷൻ ഓഫ് അറബ് ടൂർ ഓപ്പറേഷൻസ് പ്രസിഡന്റ് റഷീദ് കക്കാട്, തുടങ്ങിയവർ പ്രസംഗിച്ചു.

അന്താരാഷ്ട്ര നിലവാരത്തിലുള്ള അത്യാധുനിക സൗകര്യങ്ങളുമായി ഒരുങ്ങുന്ന ഈ സംരംഭം, ആഗോള പ്രദർശനസമ്മേളന ഭൂപടത്തിൽ കൊച്ചിയെ മുൻനിരയിലെത്തിക്കുമെന്നും രാജ്യാന്തര സംഗീത നിശകൾക്കും വൻ സമ്മേളനങ്ങൾക്കുമായി 1.5 ലക്ഷം ചതുരശ്ര അടി വിസ്തൃതിയുള്ള അതിവേഗ റൈഡ് ടു ഓക്കൈക്കെൻസേർട്ട് അരീനയാണ് പദ്ധതിയുടെ പ്രധാന സവിശേഷതയെന്നും ബി.എൻ.എം.ചെയർമാൻ പറഞ്ഞു.

വ്യാപാര പ്രദർശനങ്ങൾ, കോർപ്പറേറ്റ് മീറ്റുകൾ, വിവാഹങ്ങൾ എന്നിവയ്ക്കായി 40,000 ചതുരശ്ര അടിയിലും 15, 000 ചതുരശ്ര അടിയിലുമുള്ള രണ്ട് ബൃഹത്തായ ഹാളുകൾ സജ്ജമാക്കിയിട്ടുണ്ട്.കലാസാംസ്കാരിക പരിപാടികൾക്കും തുറസ്സായ പൊതുയോഗങ്ങൾക്കുമായി മമനോഹരമായി രൂപകൽപ്പന ചെയ്ത ആംഫി തിയേറ്റർ മറ്റൊരു ആകർഷണമാണ്. വ്യാപാരം, വിനോദം, സാംസ്കാരം എന്നിവയെ ഒരൊറ്റ കുടക്കീഴിൽ കൊണ്ടുവരുന്ന ഇഗ്നിവ കൊച്ചിൻ ട്രേഡ് സെന്റർ, കൊച്ചി നഗരത്തിന്റെ വളർച്ചയ്ക്കും ടൂറിസം ഇവന്റ് മേഖലകളുടെ വികസനത്തിന് കരുത്തേകുമെന്ന് മാനേജിംഗ് ഡയറക്ടർ പറഞ്ഞു. കൊച്ചിയുടെ മുഖച്ഛായ തന്നെ മാറ്റിയെടുക്കുന്ന ഇഗ്നിവ കൊച്ചിൻ ട്രേഡ് സെന്റർ സെഫ്റ്റാബ്ലറിൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുമെന്നു പ്രമോട്ടർമാരായ ആർ പ്രേംകുമാർ, നിജേഷ് പൂത്തലത്ത്, ഹാരിസ് പാങ്ങാട്ട്, അബ്ദുൽ കരീം ഫൈസൽ എന്നിവർപറഞ്ഞു.

വില്ലിങ്ടൺ ഐലൻഡിൽ 3 ലക്ഷം ചതുരശ്ര അടി വിസ്തൃതിയിൽ പൂർത്തിയായി വരുന്ന ഇഗ്നിവ കൊച്ചിൻ ട്രേഡ് സെന്ററിന്റെ സോഫ്റ്റ് ലോഞ്ച് ബിഎൻഎം ഹൗസിംഗ് ഡവലപ്മെന്റ് കോർപ്പറേഷൻ ചെയർമാൻ ആർ.പ്രേം കുമാർ നിർവഹിക്കുന്നു.നിജേഷ് പൂത്തലത്ത്, ടി.ജെ. വിനോദ് എം.എൽ.എ, കെ.എ. ഗംഗേഷ് എന്നിവർ സമീപം.

പൊതു അറിയിപ്പ്

(2016 ലെ ഇൻസോർവൻസി ആൻഡ് ബാങ്ക്റപ്സി കോഡിന്റെ സെക്ഷൻ 102 പ്രകാരം)

കോർപറേറ്റ് കടക്കാരന് പേഴ്സണൽ ഗ്യാരണ്ടി നൽകുന്ന ശ്രീമതി നാസിയ യൂസുഫ് ഇസ്സുദ്ദീന്റെ ക്രെഡിറ്റർമാരുടെ ശ്രദ്ധയ്ക്ക്, M/s എസ് ആൻഡ് എസ് സ്പെഷൽ ഹോസ്പിറ്റലിന്റെ ലൈക്വിഡേറ്റർ മിനിയിലെന്റെയും M/s എസ് ആൻഡ് എൻ ലൈഫ് സ്റ്റോറിന്റെ ഇൻഫ്രാവെബൽ ലൈക്വിഡേറ്റർ മിനിയിലെന്റെയും പേഴ്സണൽ ഗ്യാരണ്ടി.

പ്രസക്തമായ വിജ്ഞാപങ്ങൾ

1.	വ്യക്തിയുടെ യുആർഎൻ ലിങ്ക്	ശ്രീമതി നാസിയ യൂസുഫ് ഇസ്സുദ്ദീൻ
2.	പി.ഐ.ആറുടെ വേൾഡ്വൈഡ് ഡൈനിഡിനേറ്റ	നമ്പർ: ഐ ആർ ക്ലബ്, 111/2 പ്രഥമ നമ്പർ 111- എ) ഗ്രൗണ്ട് ഫ്ലോർ, ഗൊഡയുണ്ടി, ഉത്തരപേജ്, ഇന്ത്യ 248001 കുടുക്കാരം 1) 161/11, സിനോമ ലോൺ, ജോഹരി, രാജ്പുർ, ഡെറാഡൂൺ, ഉത്തരഖണ്ഡ് - 248009 2) ഖൈദ്ദി ജൈസിസി ഗാർഡ് ഖമ്പർ, എറണാകുളം, കേരള - 682011 3) ജി- 40, നോയ്ഡ അപ്പർട്ടേഴ്സ്, എസ്.എഫ്.എസ്, ഡി.ഡി.എ ഫ്ലാറ്റുകൾ, നോയ്ഡ, യുപിഐ-110077
3.	വിശിഷ്ടത്തെ ആധാരമാക്കിയുള്ള ഉത്തരവിന്റെ വിലാസങ്ങൾ	M/S എസ് & എൻ സ്പെഷൽ ഹോസ്പിറ്റലിന്റെ ലൈക്വിഡേറ്റർ മിനിയിലെന്റെയും M/S എസ് & എൻ ലൈഫ് സ്റ്റോറിന്റെ ഇൻഫ്രാവെബൽ ലൈക്വിഡേറ്റർ മിനിയിലെന്റെയും പേഴ്സണൽ ഗ്യാരണ്ടി നാസിയ യൂസുഫ് ഇസ്സുദ്ദീനിലെന്റെ, 30.04.2026 തീയതിയിലെ CP(IB) 890 of 2024 പ്രകാരം ഗ്രാൻഡ് 08.05.2026 ന് അപ്രൈസൽ ചെയ്തു/ 30.04.2026 ഗ്രാൻഡ് 08.05.2026 ന് അപ്രൈസൽ ചെയ്തു
4.	ഫൈലിങ്ങ്, 2016ന് കീഴിലുള്ള പിഡിയുമായി ബന്ധപ്പെട്ട പ്രഖ്യാപിക്കേണ്ട പ്രക്രിയ ആരംഭിക്കുന്ന തീയതി	30.04.2026 (ഗ്രാൻഡ് 08.05.2026 ന് അപ്രൈസൽ ചെയ്തു)
5.	നെടുമ്പുണ്ട് ഫ്രൈഡക്കണ്ടിന്റെ പോളം ലൈസൻസ്	ആക്ടർ നമ്പറ് IBBI/IPA-002/IP-N01234/2022-2023/14021
6.	ബന്ധപ്പെടേണ്ട വിലാസം ഇന്ത്യൻ ഇൻസോൾവൻസി പ്രൊഫഷണലിന്റെ വിലാസവും ഇമെയിലും	ഷിജു നമ്പർ 1804, യൂണിറ്റ് 30, ലോട്ടസ് ബൊട്ടാണിക്സ്, നെക്സ്റ്റ് 100, നോയിഡ, നോയിഡ, ഉത്തർപ്രദേശ്, 201301. Email:contactsakirhsood@gmail.com
7.	നെടുമ്പുണ്ട് ഫ്രൈഡക്കണ്ടുമായുള്ള കണക്കുവുകൾക്കുള്ള ബന്ധപ്പെടേണ്ട വിലാസവും ഇമെയിലും	ഷിജു/ നമ്പർ 1804, യൂണിറ്റ് 30, ലോട്ടസ് ബൊട്ടാണിക്സ്, നെക്സ്റ്റ് 100, നോയിഡ, നോയിഡ, ഉത്തർപ്രദേശ്, 201301. Email:pg.sandrgroup@gmail.com
8.	ക്ലെയിമുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി	01.06.2026
9.	പ്രസക്തമായ പോയ്ന്റുകൾ ഉൾപ്പെടെ ലഭ്യമാണ്.	ഏതു ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്സി ബോർഡ് ഓഫ് ഇന്ത്യ (കോർപ്പറേറ്റ് കടക്കാർക്കുള്ള വ്യക്തിഗത ഗ്യാരണ്ടിക്കുള്ള പാഠങ്ങൾ പരിഹാര പ്രക്രിയ) റെഗുലേഷൻസ്, 2019 ലെ റെഗുലേഷൻ 711 പ്രകാരമുള്ള ഫോം ബി സൂചിയോടെ ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്സി ബോർഡ് ഓഫ് ഇന്ത്യയുടെ റെഗുലേഷൻ 711 പ്രകാരമുള്ള ഫോം ബി സൂചിയോടെ ഗ്യാരണ്ടിക്കുള്ള പാഠങ്ങൾ പരിഹാര പ്രക്രിയ കോർപറേറ്റ് കടക്കാർക്കുള്ള ചട്ടങ്ങൾ, 2019 (തിരുത്തലുകൾ) https://ibbi.gov.in/en/home/downloads

നാമങ്ങൾ കമ്പനി ലോ ട്രൈബ്യൂണൽ, ചെന്നൈ(1), 03.04.2026 ലെ ഉത്തരവ് പ്രകാരം (08.05.2026 ന് അപ്രൈസൽ ചെയ്ത ശ്രീമതി നാസിയ യൂസുഫ് ഇസ്സുദ്ദീന്റെ വ്യക്തിഗത പാഠങ്ങൾ പരിഹാര പ്രക്രിയ ആരംഭിക്കാൻ ഉത്തരവിടുന്നത് ഇതിനാൽ അറിയിച്ച് നൽകുന്നു. ശ്രീമതി നാസിയ യൂസുഫ് ഇസ്സുദ്ദീന്റെ (M/s S & N സ്പെഷൽ ഹോസ്പിറ്റലിന്റെ ലൈക്വിഡേറ്റർ മിനിയിലെന്റെയും M/s S & N ലൈഫ് സ്റ്റോറിന്റെ ഇൻഫ്രാവെബൽ ലൈക്വിഡേറ്റർ മിനിയിലെന്റെയും പേഴ്സണൽ ഗ്യാരണ്ടി കടക്കാർ 01.06.2026ന്നോ അതിനുമുമ്പോ എന്റിട്ടി നമ്പർ 08ന് നേരെ സൂചിപ്പിച്ചിരിക്കുന്ന വിലാസത്തിലുള്ള നെടുമ്പുണ്ട് ഫ്രൈഡക്കണ്ടിന് തെളിവ് സഹിതം അവരുടെ ക്ലെയിമുകൾ സമർപ്പിക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു. ശ്രീമതി നാസിയ യൂസുഫ് ഇസ്സുദ്ദീന്റെ കടക്കാർ ഇലക്ട്രോണിക് തെളിവായിട്രോം വഴിയോ കൊറിയർ, സ്പീഡ് പോസ്റ്റ് അല്ലെങ്കിൽ രജിസ്റ്റേഡ് പോസ്റ്റ് വഴിയോ അവരുടെ ക്ലെയിമുകൾ തെളിവ് സഹിതം സമർപ്പിക്കേണ്ടതാണ്. തെറ്റായോ തെറ്റിയാലിക്കുന്നതോ ആയ ക്ലെയിമിന്റെ തെളിവുകൾ സമർപ്പിക്കുന്നത് പിഴക്കിക്കാലാവുകയും.

ആക്ടർ നമ്പറ്
നെടുമ്പുണ്ട് ഫ്രൈഡക്കണ്ടിന്റെ
IBBI/IPA-002/IP-N01234/2022-2023/14221
AFA 30/06/2026 വരെ സാധുവാണ്

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ഫ്രാന്റക്സ് മാനേജിംഗ് യൂണിറ്റ്, ഇലക്ട്രിക്കൽ സർക്കിൾ പട്ടാമ്പി ഡിവി, പെരുമ്പാവൂർ. പിൻ - 683542, ഫോൺ: 0484 2526282, ഇ മെയിൽ: 94960 08866

ഇ ഇൻക്വയറി പരസ്യം

ഇ-ടെൻഡർ നമ്പർ: E-Tender Notice No. 01/EE/PMU-PBVR/2026-27/M/VP2/dt.d. 07.05.2026
പ്രസ്തുത്തിലുടെ പേര്: വയലിൻചിത്രം ഇലക്ട്രിക്കൽ സെക്ഷന് കീഴിലുള്ള മഴവെള്ളത്തിൽ യുറാൻസ്ലൈനുകൾ പ്രസ്തുതിക്കൽ ചെയ്യുന്ന പ്രസ്തുത്തി, **അടങ്കൽ തുക:** 9,95,144/- രൂപ, **നിരതദ്രവ്യം:** 24,900/-, ഇ-ടെണ്ടറ് സമർപ്പിക്കേണ്ട അവസാന തീയതി: 21.05.2026, 4 പി.എം ഒന്ന് വരെ, ഇ-ടെണ്ടറ് പ്രമാണങ്ങൾക്ക് **www.etenders.kerala.gov.in** ഉം വിശദ വിവരങ്ങൾക്ക് **www.kseb.in** ഉം സന്ദർശിക്കുക.
(ഒപ്പ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രൊക്യൂർമെന്റ് യൂണിറ്റ്,
ഇലക്ട്രിക്കൽ സർക്കിൾ, പെരുമ്പാവൂർ

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് – ടെൻഡറ്റ് പരസ്യം

ഇലക്ട്രിക്കൽ എഞ്ചിനീയർ കാര്യാലയം, പി.ഡബ്ല്യു. ഇലക്ട്രിക്കൽ സർക്കിൾ, എറണാകുളം.
ഇ-ടെൻഡർ ID: 2026_KSEB_849845 - അടങ്കൽ തുക: 11,77,110/- രൂപ
ഇ-ടെൻഡർ ID: 2026_KSEB_849787_1 അടങ്കൽ തുക: 13,37,408/ രൂപ
അവസാന തീയതി: 18.05.2026 03.00 pm
ഏക്സിക്യൂട്ടീവ് എഞ്ചിനീയർ കാര്യാലയം, പി.ഡബ്ല്യു. ഇലക്ട്രിക്കൽ സർക്കിൾ, എറണാകുളം.
ഇ- ടെൻഡർ: ID: 2026_KSEB_849530_1 അടങ്കൽ തുക: 24,